# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3028**.

**21-08-2017 ൽ മറുപടിയ്ക്ക്**

## കർഷകർക്ക് സൗജന്യ വൈദ്യുതി

**ചോദ്യം**
ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി ആവശ്യത്തിന് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി പ്രകാരം എത്ര കർഷകർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്; | (എ) | സംസ്ഥാനത്ത് 2,80,416 കർഷകർക്ക് സൗജന്യ വൈദ്യുതി ആനുകൂല്യം നൽകിവരുന്നുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്? | (ബി) | 2016-17 വർഷം കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയ്ക്കായി 3496.31 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകളുടെ കൃഷിക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി വൈദ്യുതി ചാർജ്ജ് സൗജന്യമാക്കിയിട്ടുള്ളതിൻ പ്രകാരമാണ് പദ്ധതി ആനുകൂല്യം നൽകി വരുന്നത്. 84035 നെൽകർഷകരും 196116 കരകൃഷി ചെയ്യുന്നവരും 265 പോളി ഹൗസ് കൃഷി ചെയ്യുന്നവരും കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നവരാണ്. |

സെക്ഷൻ ഓഫീസർ